പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4002 25-06-2014- ൽ മറുപടിയ്ക്ക്

**കായംകുളം മണ്ഡലത്തിൽ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ**

**ചോദ്യം**

ശ്രീ. സി. കെ. സദാശിവൻ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചെട്ടികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ, ഭരണിക്കാവ് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | മേൽപ്പറഞ്ഞ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ, മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി യോഗം ചേരുകയും, വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ഏപ്രിൽ 22 മുതൽ ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ, നടന്നു വരികയാണ്. കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ ഒരു റൗണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഈ പ്രദേശങ്ങളിൽ ആളുകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് ഇതിനോടകം നടത്തിക്കഴിഞ്ഞു. ശുചിത്വ മിഷന്റെ ഫണ്ട് ഉപയോഗിച്ച് പൊതു ഓടകൾ ക്ലീൻ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ അസംബ്ലിയിൽ എല്ലാ ബുധനാഴ്ചകളിലും ഓരോ രോഗത്തെക്കുറിച്ച് പ്രതിജ്ഞ നടത്തി വരുന്നു. കുടിവെള്ള വിതരണം ചെയ്യുന്ന ഏജൻസികളുടെ പക്കൽ നിന്നും സാമ്പിൾ എടുത്ത് പരിശോധന നടത്തിവരുന്നു. പനി |

| | |
|---|---|
| | ബാധിതരുടെ എണ്ണം കൂടിയാൽ ആശുപത്രികളിൽ പനി ക്ലിനിക്ക്, പനി വാർഡ് എന്നിവ സജ്ജീകരിക്കുന്നതാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും , മൊബൈൽ ക്ലിനിക്ക് നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അവശ്യ മരുന്നുകളുടെ ലഭ്യത ഈ സ്ഥാപനങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഹോട്ടൽ പരിശോധന എന്നിവയും സമയബന്ധിതമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ